**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1315** **19-09-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | 2021-22 സാമ്പത്തിക വർഷത്തിന് മുൻപ് അനുവദിച്ചതും നാളിതുവരെ പൂർത്തീകരിക്കാതെ മുടങ്ങിക്കിടക്കുന്നതും നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | 2021-22 സാമ്പത്തിക വർഷത്തിന് മുൻപ് നിരത്ത് വിഭാഗത്തിന് കീഴിൽ അനുവദിച്ച റോഡ് പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി., പി.എം.യു വിന് കീഴിൽ ചുവടെചേർക്കുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.<br><br>1. കിഫ്ബി-കുണ്ടറ-ചിറ്റുമല-മൺട്രോത്തുരുത്ത് റെയിൽവേ സ്റ്റേഷൻ റോഡ് നവീകരണ പ്രവൃത്തി ജലജീവൻ മിഷൻ പൈപ്പിടുന്ന പ്രവൃത്തി കാരണം പൊട്ടിമുക്ക് മുതൽ രണ്ട് റോഡ് വരെയുള്ള 3.5കി.മീ റോഡിന്റെ BC പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>2. കിഫ്ബി പദ്ധതി വഴി നടപ്പിലാക്കുവാൻ അനുവദിച്ച പദ്ധതിയാണ് ഉമയനല്ലൂർ-കല്ലുവെട്ടാംകുഴി-താഹ-കരിക്കോട്-കേരളപുരം റോഡ്. ബെഗോറ ഇൻഫ്രാസ്ട്രക്ചർ എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് ചെയ്ത് തുടങ്ങിയെങ്കിലും 72% പണി പൂർത്തീകരിച്ച ശേഷം നിരവധി കാരണങ്ങളാൽ പദ്ധതി ഉപേക്ഷിച്ചു. തുടർന്ന് ബഹു: ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തു. ടി കരാറുകാരനെ റിസ്ക് & കോസ്റ്റിൽ 09-08-2024-ന് ടെർമിനേറ്റ് ചെയ്തു. പദ്ധതിയുടെ ബാക്കി പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>3. ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമായിരുന്ന കണ്ണനല്ലൂർ ജംഗ്ഷൻ റോഡ് വികസന പ്രവൃത്തിയിൽ |

| | | | |
|---|---|---|---|
| | | | നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.<br><br>4.കുതിര മുനമ്പിനേയും മൺട്രോതുരുത്തിനേയും ബന്ധിപ്പിച്ചുകൊണ്ട് അഷ്ടമുടിക്കായലിനു കുറുകെ പാലം നിർമ്മാണത്തിനായി അനുവദിച്ച കുതിരമുനമ്പ്-മണക്കടവ് പാലം പദ്ധതിയുടെ ആദ്യഘട്ടമായ മണ്ണുപരിശോധന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നടപ്പിലാക്കിയത്. തുടർന്ന് ടി പദ്ധതിയുടെ തുടർ നടപടികൾക്കായി കെ.ആർ.എഫ്.ബി ഏറ്റെടുത്തു. ഹാർബർ വിഭാഗത്തിൽ നിന്ന് ലഭിച്ച സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഉൾപ്പെടെ DPR തയ്യാറാക്കുന്നതിനായി തിരുവനന്തപുരം പി.ഡബ്ല്യൂ.ഡി ഡിസൈൻ വിഭാഗത്തിലേക്കു നൽകുകയും അവർ സ്ഥലപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>5. കുണ്ടറ മണ്ഡലത്തിലെ ഇളവൂർ പാലത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പ്രവൃത്തി Award ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2021-22 സാമ്പത്തിക വർഷത്തിനുമൻപ് അനുവദിച്ച 2 റോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് കെ.എസ്.റ്റി.പിയുടെ പരിധിയിൽ കുണ്ടറ മണ്ഡലത്തിലുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കെ.എസ്.റ്റി.പി രണ്ടാം ഘട്ടത്തിലെ World Bank assisted road challenge fund -ലെ Road Safety & Improvements പ്രവൃത്തി നടക്കുന്ന കൊട്ടിയം-കുണ്ടറ റോഡിന് 11.70 കി.മീ. നീളമാണുള്ളത്. പ്രസ്തുത പ്രവർത്തിക്ക് 95 ശതമാനം നിർമ്മാണ പുരോഗതി കൈവരിക്കുകയും തുടർ പ്രവർത്തികള് നടന്നു വരികയും ചെയ്യുന്നു.<br><br>2. 7 വർഷ കാലാവധിയുള്ള OPBRC പാക്കേജ് 3-യിൽ ഉൾപ്പെടുന്ന 5 റോഡുകളില് കൊല്ലം-- ആയൂർ റോഡിലെ 6.1 കിമീ. റോഡാണ് കുണ്ടറ മണ്ഡലത്തിലൂടെ കടന്നു പോകുന്നത്. ടി പ്രവൃത്തിയുടെ ആകെ നിർമ്മാണ പുരോഗതി 36 ശതമാനം ആണ്. ഇതിൽ ഓരോവർഷവും നടത്തേണ്ട പ്രവൃത്തികൾ നിശ്ചയിച്ചിട്ടുണ്ട്. ആ പ്രവൃത്തികളാണ് ഓരോ വർഷവും പൂർത്തീകരിക്കുക. |

സെക്ഷൻ ഓഫീസർ

Gs 1315

# അനുബന്ധം

## 1. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലെ പ്രവൃത്തികൾ

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | പ്രവർത്തന പുരോഗതി |
|---|---|---|---|---|
| 1 | 2021-2022 | ബഡ്ജറ്റ് 2021-22 പ്ലാമൂട്-നല്ലില ഇ.എസ്.ഐ. ജംഗ്ഷൻ - കളപ്പാടം ജംഗ്ഷൻ റോഡ് ബി.എം. ബി.സി. നവീകരണ പ്രവർത്തികൾ | 400 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | 2024-2025 | ബഡ്ജറ്റ് 2024-25 കൊട്ടിയം-കണ്ടറ റോഡ് ചെയിനേജ് 3/900 മുതൽ 7/700 വരെ ബി.സി. ഓവർലെ നവീകരണ പ്രവർത്തികൾ | 250 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | 2023-2024 | കൊട്ടിയം-കണ്ടറ റോഡ് ചെയിനേജ് 7/700 മുതൽ 11/700 വരെ ബി.സി. ഓവർലെ നവീകരണ പ്രവർത്തികൾ | 200 ലക്ഷം | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | 2025-2026 | ബഡ്ജറ്റ് 2025-26 കൊട്ടിയം-കണ്ടറ റോഡ് ചെയിനേജ് 1/570 മുതൽ 3/240 വരെ ബി.സി. ഓവർലെ നവീകരണ പ്രവർത്തികൾ | 100 ലക്ഷം | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 5 | 2025-2026 | ബഡ്ജറ്റ് 2025-26 കേരളപുരം-ആയൂർ റോഡ് ചെയിനേജ് 0/000 മുതൽ 2/880 വരെ ബി.സി. ഓവർലെ നവീകരണ പ്രവർത്തികൾ | 100 ലക്ഷം | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 6 | 2025-2026 | ബഡ്ജറ്റ് 2025-26 നല്ലില ഇ.എസ്.ഐ. ജംഗ്ഷൻ - ഗബ്രിയേൽ, ത്രിവേണി ജംഗ്ഷൻ, സംഘം ജംഗ്ഷൻ റോഡ് ബി.എം. ബി.സി. നവീകരണ പ്രവർത്തികൾ | 100 ലക്ഷം | കരാറുകാരനെ തെരഞ്ഞെടുത്തു. |

2. പൊതുമരാമത്ത് നിരത്ത് പരിപാലന വിഭാഗത്തിന് കീഴിലെ പ്രവൃത്തികൾ.

(എ) 2021-22 സാമ്പത്തിക വർഷത്തിൽ G.O(Rt.No. 1034/2021/PWD dated 24/11/2021 പ്രകാരം റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി 3 റോഡുകളുടെ 1.80 കി. മീ നീളത്തിൽ ഏകീകൃത പ്രവൃത്തികൾക്കായി 17.73 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

2023 - 24 സാമ്പത്തിക വർഷത്തിൽ:. G.O(Rt.No. 970/2023/PWD dated 14/07/2023 പ്രകാരം റണ്ണിംഗ് കോൺട്രാക്ടിൽ.. ഉൾപ്പെടുത്തി 3 റോഡുകളുടെ 1.95 കി. മീ നീളത്തിൽ ഏകീകൃത പ്രവൃത്തികൾക്കായി 9.14 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

2024 - 25 സാമ്പത്തിക വർഷത്തിൽ G.O(Rt.No. 206/2025/PWD dated 08/02/2025 പ്രകാരം റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി 3.50 കി. മീ നീളത്തിൽ 15.22 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്.

## ൩൦ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് കീഴിലെ പ്രവൃത്തികൾ

1. GENERAL-NH 183 Cutting down dangerously standing trees and branches-from Kollam High school Junction (Ch 0/000) to Charummodu (Ch 43/500) in Kollam and Alappuzha districts 5,50,000 Amount 5,50,000/-

പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 183 ൽ കുണ്ടറ മണ്ഡലത്തിൽ പാവുവയൽ മുതൽ രണ്ട് റോഡ് വരെ അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

2) GENERAL-NH 744 Cutting down dangerously standing trees and branches from Chinnakada (Ch 0/000) to Ambalathumkala (Ch 20/000) in Kollam districts - Amount 7,20,000 /-

പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 744 ൽ കുണ്ടറ മണ്ഡലത്തിൽ കരിക്കോട് മുതൽ ആറുമുറിക്കട വരെ അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റുന്ന പ്രവൃത്തി NHAI യുടെ fund ഉപയോഗിച്ച് പൂർത്തീകരിച്ചു